**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** **06-07-2022 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസിന്റെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഓരോ ഫയലും ഓരോ മനുഷ്യന്റെ ജീവിതമാണെന്ന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്നതിനും സിവിൽ സർവ്വീസിൽ നിന്നും അഴിമതിയും കൈക്കൂലിയും പൂർണ്ണമായും തടയുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എന്നാൽ എല്ലാ തലത്തിലുമുള്ള അഴിമതികളും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അഴിമതിരഹിത ഭരണസംവിധാനം കൊണ്ടുവരുന്നതിനായി സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും നടപടിയായിട്ടുണ്ട്. സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരികയാണ്. ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ മുൻനിർത്തി ചട്ടപരിഷ്കരണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>അഴിമതി രഹിത സദ്ഭരണം ഉറപ്പുവരുത്തുന്നതിനായി നാലാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കി വരികയാണ്. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br><br>പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി |

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതിനുമായി സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. അതേ സമയം സർക്കാർ സേവനം ലഭ്യമാക്കുന്നതിനായി പൊതുജനങ്ങളിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച് പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരം പരാതികളിൽ അവയുടെ സ്വഭാവമനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്.<br><br>ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സെക്രട്ടേറിയറ്റിലും മറ്റ് വകുപ്പുകളിലും നിലവിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് സെപ്റ്റംബർ 30 വരെ നീണ്ടുനിൽക്കുന്ന തീവ്രയജ്ഞ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് ഫയൽ തട്ടുകൾ കുറച്ചുകൊണ്ട് ഇതിനകം തീരുമാനമെടുത്തിട്ടുണ്ട്. ഫയലിന്റെ ആരംഭം മുതൽ തീർപ്പാക്കൽ വരെയുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പുകളിലെ ഫയൽ നീക്കം തുടർച്ചയായി അവലോകനം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ആയതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ സഹായകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതിൽ 7 എണ്ണത്തിൽ ചീഫ് സെക്രട്ടറിതല സമിതി പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 5 എണ്ണം മന്ത്രിസഭ പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്.<br><br>നാലാം ഭരണപരിഷ്കാര കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനും, അത്യാവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് നിർത്തലാക്കുവാനും, കഴിയുന്നിടത്തോളം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ/ സത്യവാങ്മൂലം നൽകുന്ന സംവിധാനം നടപ്പിലാക്കാനും തീരുമാനിച്ചുകൊണ്ട്, |

| | | | |
|---|---|---|---|
| | | | 13.8.2021 ലെ ജി.ഒ.(എം.എസ്)നം.19/2021/ഉഭപവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥിരമായ എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കർ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകുന്നതിനും അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സത്യവാങ്മൂലം മാത്രം സമർപ്പിച്ചാൽ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തുവാനും അത്യാവശ്യമല്ലാത്ത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | കർമ്മശേഷിയും കാര്യപ്രാപ്തിയുമുള്ള ഒരുദ്യോഗസ്ഥ ശ്രേണിയിലൂടെ സിവിൽ സർവീസ് കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവിസ് (KAS) രൂപീകരിച്ചത്. സിവിൽ സർവീസിന്റെ കാര്യക്ഷമത കൂട്ടുന്നതിന് എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന (IMG) പരിശീലനം നൽകിവരുന്നുണ്ട്.<br><br>ഉദ്യോഗസ്ഥ സാന്നിധ്യം ഉറപ്പാക്കി മെച്ചപ്പെട്ട സേവനം പ്രധാനം ചെയ്യുന്നതിനും സിവിൽ സർവീസ് കൂടുതൽ കാര്യക്ഷമം ആക്കുന്നതിനുമായി എല്ലാ സർക്കാർ ആഫീസുകളിലും ബയോമെട്രിക് പഞ്ചിങ് സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ